**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3108** — **18-03-2022 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊല്ലം ജില്ലയിലെ ആശ്രാമം മൈതാനത്തിന് സമീപത്തായി സ്ഥാപിക്കുന്ന ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം പൂർത്തീകരിക്കുന്നതിന്റെ ജോലികൾ പുരോഗമിച്ചുവരുകയാണ്. എക്സിബിഷൻ ബ്ളോക്കിന്റേയും കഫ്റ്റീരിയ ബ്ളോക്കിന്റേയും എല്ലാവിധ സ്ട്രക്ച്ചറൽ ജോലികളും പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ ഫിനിഷിംഗ് ജോലികളായ ടൈൽ, ഗ്രാനൈറ്റ്, എ.സി, ജോലികളും നടന്നുവരുകയാണ്. ആഡിറ്റോറിയം ബ്ലോക്കിന്റേയും പെർഫോമൻസ് ബ്ളോക്കിന്റേയും മേല്പറഞ്ഞ ജോലികളും അതോടൊപ്പം തന്നെ അക്വാസ്റ്റിക് ജോലികളും നടന്നു വരുകയാണ്. ഓപ്പൺ എയർ തിയേറ്ററിന്റെ സ്ട്രക്ച്ചർ വർക്കുകൾ അന്തിമഘട്ടത്തിലാണ്. പൂർത്തികരിച്ച ഭാഗങ്ങളുടെ പ്ളാസ്റ്ററിംഗ് ഗ്രാനൈറ്റ് ജോലികളും നടന്നു വരുന്നു. ഭൂഗർഭ ജല സംഭരണി, വാട്ടർ ടാങ്ക്, മലിനജല ശുദ്ധീകരണ പ്ലാന്റ് എന്നിവയുടെ അവസാനഘട്ട ജോലികൾ നടന്നുവരുകയാണ്. ടി ജോലികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ലാന്റ്സ്കേപിംഗ് വർക്കുകളും റോഡിന്റെ പണികളും ആരംഭിക്കുന്നതാണ്. നിലവിലെ ഷെഡ്യൂൾ പ്രകാരം എല്ലാവിധ ജോലികളും 2022 മെയ് മാസത്തോടെ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സ്ഥാപിക്കുന്ന നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദ വിവരം ലഭ്യമാക്കുമോ? | (ബി) | നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും, നടത്തിപ്പുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തേണ്ട സംവിധാനത്തെ കുറിച്ചും സർക്കാർ തലത്തിൽ ആലോചനകൾ നടന്നു വരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ